# ദി പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ്കേരളലിമിറ്റഡ്

CIN: U01119KL1962SGC001997 രജി ഓഫീസ് – കോട്ടയം – 686 004

**Ref.No.SAL-R-650/RE/5357**

തണ്ണിത്തോട് എസ്റ്റേറ്റ്-റബ്ബർ മരങ്ങളുടെ വില്പന - രണ്ടാം റീ ഇ-ടെൻഡർ കം ഇ-ഓക്ഷൻ

പി സി കെ യുടെ ഉടമസ്ഥതയിലുള്ള തണ്ണിത്തോട് എസ്റ്റേറ്റ്, ഡിവിഷൻ സി യിലെ റബ്ബർ മരങ്ങളുടെ(12,398 എണ്ണം)(ഇതോടൊപ്പം പ്രസിദ്ധികരിക്കുന്ന ലിസ്റ്റ് പ്രകാരം) വില്പന കേരളാ സർക്കാർ വെബ് പോർട്ടലായ https://etenders.kerala.gov.in വഴി താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. ആയതുപ്രകാരം റബ്ബർ മരങ്ങളുടെ വിലയുടെ വാഗ്ദാനം 21/03/2020 തീയതിയിൽ 5.00 PM മണി വരെ കരാറുകാർക്ക് ടി ഇ പോർട്ടൽ സൈറ്റിലൂടെ സമർപ്പിക്കാവുന്നതും ടി ടെൻഡറുകൾ 23/03/2020, 3 PM ന് തുറക്കുന്നതുമാണ്. ഇ-ടെൻഡർ കം ഇ-ഓക്ഷനിൽ പങ്കെടുക്കുവാൻ നിരത ദ്രവ്യമായി ബ്ലോക്ക് ഒന്നിന് Rs.50,000/-(അൻപതിനായിരം രൂപ മാത്രം) കണക്കിൽ ഡിമാൻഡ് ഡ്രാഫ്റ്റ് പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള എന്ന പേരിൽ കോട്ടയത്ത് മാറത്തക്ക വിധത്തിൽ എടുക്കേണ്ടതാണ്. ഇ-ടെൻഡർ സമർപ്പിക്കുന്നവർ ബ്ലോക്ക് തിരിച്ചുള്ള തുകയാണ് സമർപ്പിക്കേണ്ടത്. ക്വാട്ടേഷനുകൾ മേൽപ്പറഞ്ഞ ഇ-ടെൻഡർ പോർട്ടൽ വഴി മാത്രം സമർപ്പിക്കേണ്ടതാണ്. ഇ-ടെൻഡർ സമർപ്പിക്കുന്നതിനുള്ള സമയം അവസാനിച്ചതിനുശേഷം കരാറുകാർ സമർപ്പിച്ച ഇ-ടെൻഡറുകൾ സാങ്കേതിക സാമ്പത്തിക പരിശോധനയ്ക്കുശേഷം ഇ-ടെൻഡറിൽ ഓരോ ബ്ലോക്കിലും ലഭിച്ച ഉയർന്ന നിരക്ക് അടിസ്ഥാനമാക്കി ടി ഇ പോർട്ടലിലൂടെ തന്നെ 23/03/2020 തീയതിയിൽ ഇ-ലേലത്തിന് പ്രസിദ്ധീകരിക്കുന്നതുമാണ്. പ്രസ്തുത ദിവസം ഹർത്താൽ, പൊതു അവധി, മറ്റു ഏതെങ്കിലും കാരണത്താൽ ഇ- ടെൻഡർ നടത്താൻ കഴിയാതെ വന്നാൽ, തൊട്ടടുത്ത പ്രവൃത്തി ദിവസം നിശ്ചിത സമയത്തുതന്നെ നടത്തുന്നതായിരിക്കും. ഇ ടെൻഡർ കം ഇ-ഓക്ഷനിൽ വാഗ്ദാനം ചെയ്യപ്പെടുന്ന തുകകളിൽ ഏറ്റവും കൂടുതലായ തുകയുടെ വാഗ്ദാനം യുക്തമെന്ന് തോന്നുന്നപക്ഷം അംഗീകരിക്കുന്നതിനും അല്ലാത്തപക്ഷം നിരസിക്കുന്നതിനും കോർപ്പറേഷന് അധികാരമുണ്ടായിരിക്കുന്നതാണ്.

രണ്ടാം റീ-ഇ-ടെൻഡർ കം ഇ-ഓക്ഷന്റെ നിബന്ധനകൾ

1 ഇ-ടെൻഡർ ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ, ഇ-ടെൻഡർ/ഇ-ഓക്ഷൻ വ്യവസ്ഥകൾ ടി ഇ-പോർട്ടലിൽ നിന്നും ഡൗൺലോഡ് ചെയ്യേണ്ടതും, അതിലെ വ്യവസ്ഥകൾ പൂർണ്ണമായി അംഗീകരിക്കുന്നതായി രേഖപ്പെടുത്തിയ സമ്മതപത്രവും, ഒപ്പിട്ട ടെൻഡർ കണ്ടിഷനും ഡിമാൻഡ് ഡ്രാഫ്റ്റിന്റെ സ്കാൻഡ് കോപ്പിയും, കരാറുകാരന്റെ ആധാർ കാർഡ്, പാൻ കാർഡ് എന്നിവയുടെ കോപ്പിയും ടെൻഡർ ഫീസ്(Rs.105) അടച്ച് ഇ-പോർട്ടലിൽ ക്വട്ടേഷൻ സമർപ്പിക്കുമ്പോൾ അപ്‌ലോഡ് ചെയ്യേണ്ടതാണ്.

2 ഇ ടെൻഡർ കം ഇ ഓക്ഷനിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ആയതിനു മുമ്പായി മാനേജരുടെ മുൻകൂട്ടിയുള്ള അനുവാദത്തോടെ തോട്ടത്തിൽ പോയി ബ്ലോക്കിന്റെ വിസ്തൃതി, അതിര്, മരങ്ങളുടെ എണ്ണം, മരങ്ങളുടെ നിലവിലുള്ള അവസ്ഥ എന്നിവയെ കുറിച്ച്

മനസ്സിലാക്കിയിരിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് എന്തെങ്കിലും തർക്കമുണ്ടായാൽ പ്രസ്തുത തോട്ടം മാനേജരുടെ തീരുമാനം അന്തിമമായിരിക്കുന്നതും, ആയത് ചോദ്യം ചെയ്യാൻ പാടില്ലാത്തതുമാണ്.

3 ഇ-ടെൻഡർ കം ഇ- ഓക്ഷനിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന കരാറുകാർ ബ്ലോക്ക് ഒന്നിന് നിരതദ്രവ്യമായ Rs 50,000(അൻപതിനായിരം രൂപ) എന്ന കണക്കിൽ പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് എന്ന പേരിൽ കോട്ടയത്ത് മാറത്തക്ക വിധത്തിൽ ഡിമാൻഡ് ഡ്രാഫ്റ്റ് എടുത്ത് അവയുടെ വിവരങ്ങൾ ടെൻഡർ വ്യവസ്ഥകളോട് അനുബന്ധിച്ചിരിക്കുന്ന പട്ടികയിൽ രേഖപ്പെടുത്തേണ്ടതും അനന്തരം ടി ടെൻഡർ വ്യവസ്ഥ ഒപ്പിട്ട് ഇ-ടെൻഡർ പോർട്ടലിൽ അപ്‌ലോഡ് ചെയ്യേണ്ടതുമാണ്. ഡിമാൻഡ് ഡ്രാഫ്റ്റ് സംബന്ധിച്ച വിവരങ്ങൾ അപ്‌ലോഡ് ചെയ്യുന്ന ടെൻഡർ വ്യവസ്ഥകളിൽ കൃത്യമായി ചേർക്കാത്ത പക്ഷം ടി കരാറുകാരന്റെ ടെൻഡർ നിരാകരിക്കുന്നതാണ്. ഡിമാൻഡ് ഡ്രാഫ്റ്റിന്റെ ഒറിജിനൽ ടെൻഡർ തുറക്കുന്ന ദിവസം രാവിലെ 10 മണിക്ക് മുൻപായി പി സി കെ ഹെഡ് ഓഫീസിൽ ലഭിച്ചിരിയ്ക്കേണ്ടതാണ്.

4. മരങ്ങൾ വെട്ടിമാറ്റി നീക്കം ചെയ്യുന്നതിനുള്ള കാലാവധി കരാർ തിയതി മുതൽ 2 മാസമായിരിക്കും. കരാർ കാലാവധിക്ക് ശേഷം കരാറിൽ ഉൾപ്പെട്ട മരങ്ങൾ വെട്ടിമാറ്റാതിരിക്കുകയോ വെട്ടിയ മരങ്ങൾ എസ്റ്റേറ്റിൽ നിന്നും നീക്കം ചെയ്യാതിരിക്കുകയോ ചെയ്താൽ പ്രസ്തുത മരങ്ങളുടെ മേൽ കരാറുകാരന് പിന്നീട് യാതൊരു അവകാശവും ഉണ്ടാകുന്നതല്ലാത്തതും മുറിച്ചു മാറ്റാത്ത മരങ്ങൾ മുറിക്കുന്നതിനും നീക്കം ചെയ്യുന്നതിനുമുള്ള ചെലവും നഷ്ടവും കരാറുകാരനിൽ നിന്ന് ഈടാക്കി എടുക്കുന്നതിനുള്ള സമ്പൂർണ്ണ അധികാരവും അവകാശവും കോർപ്പറേഷന് ഉണ്ടായിരിക്കുന്നതുമാണ്.

5. കോർഷറേഷന്റെ മാനേജിംഗ് ഡയറക്ടർ അംഗീകരിച്ച **ഇ-ടെൻഡർ കം ഇ-ഓക്ഷൻ** പ്രസ്തുത **ഇ-ടെൻഡർ** സമർപ്പിച്ച വ്യക്തിയെ രേഖാമൂലം അറിയിക്കുന്നതും, അങ്ങനെ **ഇ-ടെൻഡർ കം ഇ-ഓക്ഷൻ** സ്ഥിരീകരണത്തിന്റെ തീയതി മുതൽ 5 ദിവസത്തിനകം മൊത്തം തുകയുടെ 15% സെക്യൂരിറ്റി ഡിപ്പോസിറ്റായി (നിരതദ്രവ്യമടക്കം) തണ്ണിത്തോട് എസ്റ്റേറ്റ് ബാങ്ക് അക്കൗണ്ടിൽ അടക്കേണ്ടതുമാണ്. പ്രസ്തുത തുകയ്ക്ക് പലിശ നൽകുന്നതല്ല.

6.ഇതിന് പുറമെ മൊത്തം ഇ-ടെൻഡർ കം ഇ-ഓക്ഷൻ തുകയുടെ 50 ശതമാനം മുൻകൂർ വിലയായി ഇ-ടെൻഡർ കം ഇ-ഓക്ഷൻ സ്ഥിരീകരണത്തിന്റെ തിയതി മുതൽ 5 ദിവസത്തിനകം അടക്കേണ്ടതും ആയതിനു ശേഷം അടച്ച തുകയ്ക്ക് ആനുപാതികമായ എണ്ണം മരങ്ങൾ മാത്രം മുറിച്ച് നീക്കം ചെയ്യുന്നതിനുള്ള അനുവാദം നൽകുന്നതുമാണ്.

7. **ഇ ടെൻഡർ കം ഓക്ഷൻ** സ്ഥിരീകരണത്തിന്റെ തീയതി മുതൽ 5 ദിവസത്തിനകം 5 ഉം 6 ഉം വ്യവസ്ഥകൾ അനുസരിച്ചുള്ള തുകകൾ യഥാസമയം അടച്ച് കോർഷറേഷനുമായി ഇതനുസരിച്ചുള്ള **ഉടമ്പടി 200/-** രൂപ **കേരള സർക്കാർ** വക മുദ്രപത്രത്തിൽ വയ്ക്കേണ്ടതാണ്. അതിൽ വീഴ്ച വരുത്തുന്നപക്ഷം **ഇ ടെൻഡർ കം ഓക്ഷൻ** അസ്ഥിരപ്പെടുത്തുന്നതും, സ്ഥിരീകരണ ഉത്തരവ് റദ്ദാക്കുന്നതും കോർഷറേഷനിൽ പ്രസ്തുത വ്യക്തി **അടച്ചിട്ടുള്ളതായ എല്ലാ തുകകളും** കണ്ടുകെട്ടി കോർഷറേഷന്റെ ഖജനാവിലേക്ക് മുതൽ കൂട്ടുന്നതുമാണ്. ഇതുമൂലം കോർഷറേഷനുണ്ടാകാവുന്ന **എല്ലാവിധ** കഷ്ടനഷ്ടങ്ങൾ**ക്കും** പ്രസ്തുത വ്യക്തി ഉത്തരവാദിയായിരിക്കുന്ന**താണ്**

8 ഏറ്റവും കൂടിയ തുകയ്ക്ക് **ഇടെൻഡർ ഇ ഓക്ഷൻ** സമർപ്പിച്ച വ്യക്തിയ്ക്ക് കോർഷറേഷൻ അന്തിമ തീരുമാനമെടുക്കുന്നതുവരെ സ്വമേധയാ അത് പിൻവലിക്കുവാൻ പാടുള്ളതല്ല. അഥവാ പ്രസ്തുത വ്യക്തി അപ്രകാരം പിൻവലിക്കുകയോ 5,6 വകുപ്പുകൾ അനുസരിച്ചുള്ള തുക അടയ്ക്കാതിരിക്കുകയോ ചെയ്താൽ നിരതദ്രവ്യം അടക്കമുള്ള ടി തുക കോർഷറേഷൻ ഖജനാവിലേക്ക് മുതൽകൂട്ടുന്നതിന് കോർഷറേഷന് പൂർണ്ണ അധികാരമുള്ളതുമാകുന്നു.

9. ഏതെങ്കിലും സാഹചര്യത്തിൽ കരാറുകാരന് കരാർ കാലാവധിക്കുള്ളിൽ മരം മുറിച്ച് നീക്കം ചെയുന്നതിന് സാധിക്കാതെ വന്നാൽ കരാറുകാരന്റെ അപേക്ഷയിന്മേൽ, യുക്തമെന്ന് തോന്നുകയാൽ, കരാർ തുകയുടെ 0.01 ശതമാനം പിഴപ്പലിശ ഈടാക്കി പരമാവധി 15 ദിവസം വരെ കരാർ കാലാവധി നീട്ടി നൽകുന്നതിന് കോർപറേഷന്റെ മാനേജിങ് ഡയറക്ടർക്കു അധികാരമുണ്ടായിരിക്കുന്നതാണ്.

10. ഇ-ടെൻഡർ കം ഇ-ഓക്ഷൻ തുകയിൽ 6-)o വകുപ്പനുസരിച്ച് അടച്ച തുക കഴിഞ്ഞു ബാക്കി വരുന്ന 50% തുക കോർഷറേഷൻ നിശ്ചയിക്കുന്ന തീയതി യിൽ കോർപറേഷനിൽ അടക്കേണ്ടതാണ്. മുൻകൂർ തവണ അടക്കാതിരുന്നാൽ മരങ്ങൾ മുറിച്ചുമാറ്റാൻ അനുവദിക്കു കയില്ല എന്നു തന്നെയല്ല 25% പിഴ ഇനത്തിൽ അധികമായി ഈടാക്കുന്നതുമാണ്.ടി തുകയ്ക്ക് ആനുപാതികമായി മാത്രമേ മരങ്ങൾ മുറിച്ചു മാറ്റാൻ അനുവദിക്കുകയുള്ളൂ. പുനർ ഇ-ടെൻഡർ കം ഇ-ഓക്ഷന് അനുസൃതമായി മുൻകൂർ ഗഡുക്കളെ സംയോജനം നടത്തുന്നതും തവണകളുടെ എണ്ണത്തിൽ കുറവ് വരുത്തുന്നതുമായിരിക്കും

11. മരങ്ങളുടെ മുറിച്ചുമാറ്റൽ കരാർ തിയതി മുതൽ 7 ദിവസത്തിനകം ആരംഭിക്കേണ്ടതാണ്. യഥാസമയം തവണകൾ അടക്കുന്നതിൽ കരാറുകാരൻ വീഴ്ച വരുത്തുകയോ മറ്റേതെങ്കിലും രീതിയിൽ കരാർ ലംഘനം നടത്തുകയോ വരുത്തുകയോ ചെയ്താൽ ബാക്കി നിൽക്കുന്ന മൊത്തം തുകയും കരാറുകാരനിൽ നിന്നും 25% പിഴ സഹിതം ഒന്നിച്ചു ഈടാക്കുവാൻ കോർപറേഷന് അധികാരമുണ്ടായിരിക്കുന്നതാണ്. ഈ സാഹചര്യത്തിൽ ബാക്കി നിൽക്കുന്ന മരങ്ങൾക്കോ കരാറുകാരൻ അടച്ചിട്ടുള്ള തുകകൾക്കോ ടിയാന് അവകാശമില്ലാത്തതും അവ കോർപറേഷനിലേക്കു മുതൽ കൂട്ടുന്നതുമായിരിക്കും. കരാർ റദ്ദു ചെയ്യുന്നത് മൂലം കോർപറേഷനുണ്ടാകുന്ന എല്ലാവിധ കഷ്ട നഷ്ടങ്ങളും കരാറുകാരനിൽ നിന്ന് ഈടാക്കുന്നതായിരിക്കും.

12. തീപിടുത്തം, വരൾച്ച, കീടബാധ, പ്രകൃതിക്ഷോഭം, കരാറുകാരന്റേയോ, കേർഷറേഷന്റേയോ തൊഴിലാളികളുടെ സമരം മുതലായവ മൂലമുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് കോർഷറേഷൻ യാതൊരു കാരണവശാലും നഷ്ടപരിഹാരം നൽകുന്നതല്ല. കരാറുകരാന്റെ തൊഴിലാളികൾക്ക് യാതൊരുവിധ ആനുകൂല്യങ്ങളോ നഷ്ടപരിഹാരമോ നൽകുന്നതിന് കോർഷറേഷനു ബാധ്യത ഉണ്ടായിരിക്കുന്നതല്ല.

13 ഇ ടെൻഡർ കം ഇ ഓക്ഷൻ വിളിച്ച് കരാർ നൽകിയിട്ടുള്ള സ്ഥലത്ത് കോർഷറേഷൻ ഉദ്യോഗസ്ഥന്മാർക്ക് ഏതു സമയത്തും പരിശോധിക്കുവാനുള്ള അവകാശം ഉണ്ടായിരിക്കുന്നതാണ്.

14 കരാറുകരനിൽ നിന്നോ ടിയാന്റെ ഏജന്റിൽ നിന്നോ, തൊഴിലാളികളിൽ നിന്നോ, എസ്റ്റേറ്റിന്റെ സുഗമമായ പ്രവർത്തനത്തിന് യാതൊരു തടസ്സവും ഉണ്ടാകുവാൻ പാടില്ല.

15 കരാറുകരാനും, കരാറുകാരന്റെ ഏജന്റും, തൊഴിലാളികളും മരം വെട്ടുന്നതിനു മുമ്പായി എസ്റ്റേറ്റു മാനേജരുടേയോ, മാനേജർ അധികാരപ്പെടുത്തുന്നവരുടെയോ പക്കൽ നിന്നും പ്രവേശന പാസ്സുകൾ വാങ്ങിയിരിക്കേണ്ടതാണ്.

16 ഇ-ടെൻഡർ തുകയ്ക്ക് പുറമേ, ബാധകമാകുന്ന എല്ലാ സർക്കാർ നികുതികളും കാരാറുകരൻ അടയ്ക്കേണ്ടതാണ്. മരം മുറിച്ച് ലോഡുകളായി കൊണ്ടുപോകുന്നതിന് വനം വകുപ്പിൽ നിന്നും പാസ്സുകളോ ലൈസെൻസോ ആവിശ്യമെങ്കിൽ കരാറുകരാൻ സ്വന്തം ചെലവിൽ എടുക്കേണ്ടതാണ്.

17 കരാറുകരാനിൽ നിന്നോ ടിയാന്റെ ഏജന്റിൽ നിന്നോ തൊഴിലാളികളിൽ നിന്നോ, കോർഷറേഷൻ വക മരങ്ങൾക്കോ, മറ്റു വസ്തുക്കൾക്കോ എന്തെങ്കിലും നാശനഷ്ടം സംഭവിച്ചാൽ എസ്റ്റേറ്റു മാനേജർ നിശ്ചയിക്കുന്ന നഷ്ടപരിഹാരം കരാറുകാരൻ കോർഷറേഷനിലേയ്ക്ക് അടയ്ക്കേണ്ടതും, മാനേജരുടെ തീരുമാനം ചോദ്യം ചെയ്യാൻ പാടില്ലാത്തതുമാണ്.

18 ബ്ലോക്കുകൾ സ്ഥാനനിർണയം ചെയ്തിരിക്കുന്നതാണ്. അതതു ബ്ലോക്കുകളിലുള്ള റബർ **മരങ്ങൾ** അധികാരികളുടെ നിർദ്ദേശമനുസ്സരിച്ച് മാത്രമേ മുറിച്ചു മാറ്റാൻ കരാറുകാരന് അവകാശമുണ്ടായിരിക്കുകയുള്ളു. എസ്റ്റേറ്റിൽ നിന്ന് മുറിച്ചുമാറ്റുന്ന മരങ്ങളുടെ കണക്ക് അതു നീക്കം ചെയ്യുന്നതിനു മുമ്പ് എസ്റ്റേറ്റ് മാനേജരേയോ അദ്ദേഹം അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനേയോ **രേഖാമൂലം** അറിയിച്ചിരിക്കേണ്ടതാണ്.

19 എസ്റ്റേറ്റു മാനേജർക്കും അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റ് ഉദ്യോഗസ്ഥന്മാർക്കും കരാറുകാരൻ, കരാറുകാരാന്റെ ഏജന്റ്, തൊഴിലാളികൾ തുടങ്ങിയവരെ നിയന്ത്രിക്കുന്നതിനും, കരാറു**കാരൻ** മരങ്ങൾ കൊണ്ടുപോകുന്ന വാഹനങ്ങൾ മുതലായവ പരിശോധിക്കുന്നതിനും, നിയന്ത്രിക്കുന്നതിനും അധികാരം ഉണ്ടായിരിക്കുന്നതാണ്.

**20.മരങ്ങൾ മുറിച്ച മാറ്റുവാൻ നൽകിയിട്ടുള്ള സ്ഥലത്തുനിന്നും റബ്ബർകുരു ശേഖരിക്കുന്നതിന് കോർപറേഷന് അധികാരമുണ്ടായിരിക്കുന്നതാണ്.**

21 വെട്ടിമാറ്റുന്ന മരങ്ങളല്ലാതെ എസ്റ്റേറ്റിൽ നിന്നും വിറക്, പുല്ല് തുടങ്ങിയ സാധനങ്ങൾ കാരാറുകാരനോ, അയാൾ ഏർപ്പെടുത്തുന്ന ആളോ, അയാളുടെ തൊഴിലാളികളോ, കൊണ്ടുപോകാൻപാടില്ല. **റബ്ബർ** മരങ്ങൾ തറ നിരപ്പിൽ മുറിച്ചുമാറ്റേണ്ടതാണ്. മരങ്ങൾ പിഴുതെടുക്കുവാൻ പാടില്ല.

22 മരങ്ങൾ മുറിച്ചുമാറ്റുന്നതിനാവിശ്യമായ യാതൊരു**വിധ** സാധനസാമഗ്രികളും കോർപ്പറേഷൻ നൽകുന്നതല്ല. **റബ്ബർ മരങ്ങളിൽ പിടിപ്പിച്ചിട്ടുള്ള ചിരട്ട, പീലി, കപ്പ്, ഹാംഗർ തുടങ്ങിയവ കോർപറേഷൻ നീക്കം ചെയ്യുന്നതാണ്.**

23 കരാർ കാലാവധിക്കിടയിൽ ടി സ്ഥലത്ത് കോർപ്പറേഷന് കാർഷിക പ്രവർത്തനങ്ങൾ നടത്താനുള്ള അവകാശം ഉണ്ടായിരിക്കുന്നതാണ് .

**24. കരാർ ഉറപ്പിച്ചകഴിഞ്ഞു മരം മുറിച്ച തീരുന്നതുവരെയുള്ള കാലയളവിൽ ടാപ്പ് ചെയ്യുവാനുള്ള സംവിധാനം ചെയ്യാൻ കോർപറേഷന് അവകാശമുണ്ടായിരിക്കുന്നതാണ്. എന്നാൽ മുറിച്ച മാറ്റുവാൻ കൊടുക്കുന്ന മരങ്ങൾ ടാപ്പ് ചെയ്യുവാൻ കരാറുകാരനോ ടിയാന്റെ കീഴിൽ മറ്റാളുകൾക്കോ അവകാശമുണ്ടായിരിക്കുന്നതല്ല.**

25 കരാറുകാരൻ യാതൊരു കാരണവശാലും കോർപ്പറേഷന്റെ സ്ഥലത്ത് സ്ഥിരസ്വഭാവമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുവാൻ പാടുള്ളതല്ല. കരാർ ഏറ്റിട്ടുള്ള സ്ഥലത്ത് സ്ഥാപിക്കാൻ ഇടയുള്ള താൽക്കാലിക ഷെഡ്ഡുകൾ പണിയുന്നതിനു മുമ്പ് എസ്റ്റേറ്റ് മാനേജരുടെ അനുവാദം **രേഖാമൂലം** വാങ്ങേണ്ടതും,കരാർ കാലാവധി തീരുന്ന അവസരത്തിൽ സ്വന്തം **ചിലവിൽ പൊളിച്ചുമാറ്റേണ്ടതാണ്,** അല്ലാത്തപക്ഷം ടി ഷെഡ്ഡുകൾ കോർപ്പറേഷനിലേയ്ക്ക് മുതൽ കൂട്ടുന്നതാണ്.

26 കരാറുകരാനോ/ **കരാറുകാരന്റെ** ഏജന്റോ കരാർ സ്ഥലത്തുനിന്നും തടികൾ നീക്കം ചെയ്യുന്ന സമയത്ത് എസ്റ്റേറ്റുമാനേജരിൽ നിന്നും പാസ് വാങ്ങിയിരിക്കേണ്ടതാണ്. സെക്യൂരിറ്റി പരിശോധനയ്ക്ക് വിധേയമാക്കി മാത്രമേ മരങ്ങൾ എസ്റ്റേറ്റിനു വെളിയിൽ കൊണ്ടുപോകുവാൻ പാടുള്ളൂ

27 മരങ്ങൾ കൊണ്ടുപോകുന്ന സമയം എസ്റ്റേറ്റ് പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 8 മണിമുതൽ വൈകുന്നേരം 6 മണി വരെയായിരിക്കും. എസ്റ്റേറ്റ് അവധി ദിവസങ്ങളിൽ യാതൊരു കാരണവശാലും മരം മുറിക്കലോ **അനുബന്ധ പ്രവൃത്തി ചെയ്യലോ** അനുവദിക്കുന്നതല്ല. **പ്രത്യേക സാഹചര്യങ്ങളിൽ മാനേജരുടെ രേഖാമൂലമായ അനുവാദത്തോടെ സമയപരിധിക്കുശേഷം മരങ്ങൾ മുറിച്ച് തടികൾ കൊണ്ടുപോകാവുന്നതാണ്.**

28.ഇ-ടെൻഡർ കം ഇ-ഓക്ഷൻ സ്ഥിരപ്പെടുത്തിക്കിട്ടുന്ന ആൾ മരങ്ങൾ/തടികൾ റബ്ബർ ബോർഡിന്റെയോ,സർക്കാരിന്റെയോ കലാകാലങ്ങളിലുള്ള നിയമങ്ങൾക്കു വിധേയമായി വിൽപ്പന നടത്തേണ്ടതാണ്

29 യാതൊരു കാരണവും കൂടാതെ ഇ-ടെൻഡർ കം ഇ ഓക്ഷൻ അംഗീകരിക്കുന്നതിനോ, നിരാകരിക്കുന്നതിനോ ഉള്ള പൂർണ്ണമായ അധികാരം കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടറിൽ നിക്ഷിപ്തമാണ്.

30. ഇ ടെൻഡറിൽ വാഗ്ദാനം ചെയ്ത തുകയുടെ 50% അഡ്വാൻസും 15% സെക്യൂരിറ്റിയും അടച്ച് കരാർ ഉടമ്പടി ഒപ്പിട്ടതിനുശേഷമേ തോട്ടത്തിൽ പ്രവേശിക്കുന്നതിനു കരാറുകാരന് അനുവാദമുണ്ടായിരിക്കുകയുള്ളു.

31. കരാർ വ്യവസ്ഥകൾക്ക് വിപരീതമായി കരാറുകാരനോ, അയാളുടെ ഏജന്റോ തൊഴിലാളികളോ പ്രവർത്തിക്കുന്നതായി കോർപറേഷന് ബോധ്യപ്പെട്ടാൽ മുന്നറിയിപ്പ് കൂടാതെ കരാർ റദ്ദ് ചെയ്യുന്നതിനുള്ള പരമാധികാരം മാനേജിങ് ഡയറക്ടർക്കുണ്ടായിരിക്കും. ഇതുമൂലം കോർപറേഷനുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് കരാറുകാരൻ ഉത്തരവാദിയായിരിക്കുന്നതാണ്

32. ഏതെങ്കിലും കാരണവശാൽ കാലാവധി തീരുന്നതിനു മുമ്പ് കരാറുകാരൻ കരാർ ഉപേക്ഷിച്ചു പോകുകയാണെങ്കിൽ പ്രസ്തുത ബ്ലോക്ക/ബ്ലോക്കുകൾ കരാറുകാരൻറെ നഷ്ടോത്തരവാദിത്വത്തിൽ കോർപ്പറേഷൻ പുനർ ഇ-ടെൻഡർ കം ഇ-ഓക്ഷൻ നടത്തുന്നതുമാണ്. ഇതുമൂലം കോർപ്പറേഷനുണ്ടാകാവുന്ന ചെലവുകളും നഷ്ടവും കരാറുകാരനിൽ നിന്നും ഈടാക്കുന്നതുമാണ്.

33 കോർപ്പറേഷനിലെ തൊഴിലാളികൾക്കോ, മറ്റ് ജീവനക്കാർക്കോ ഇ-ടെൻഡറിൽ പങ്കെടുക്കുവാൻ അവകാശമുണ്ടായിരിക്കുന്നതല്ല.

34. വിൽപ്പന സംബന്ധിച്ച് ഇ-ടെൻഡർ കം ഇ-ഓക്ഷനിലോ ഇത് സംബന്ധിച്ച വ്യവസ്ഥകളുടെ വ്യഖ്യാനത്തിലോ, നടത്തിപ്പിലോ ഏതെങ്കിലും തർക്കമുണ്ടാകുന്ന പക്ഷം കോർപറേഷന്റെ മാനേജിങ് ഡയറക്ടർക്കു അതിൽ തീർപ്പ് കല്പിക്കുവാൻ അധികാരമുണ്ടായിരിക്കുന്നതും പ്രസ്തുത തീർപ്പു അന്തിമമായിരിക്കുന്നതുമാണ്.

35. ഇ-ടെൻഡർ കം ഇ-ഓക്ഷനിൽ പിടിക്കുന്ന മരങ്ങൾ അറുത്ത് ഉരുപ്പടികളാക്കി മാറ്റാൻ ആഗ്രഹിക്കുന്നവർക്ക് നിശ്ചയിച്ചിട്ടുള്ള കാലാവധിക്കകം ആയതു എസ്റ്റേറ്റിനകത്തു വെച്ചുതന്നെ അവരുടെ ചെലവിലും ഉത്തരവാദിത്വത്തിലും ചെയ്യാവുന്നതാണ്.

36 കരാറുകരന്റെ ആൾക്കാർക്കോ മറ്റ് തൊഴിലാളികൾക്കോ തടിവെട്ടു സംബന്ധമായി ഏതെങ്കിലും വിധത്തിൽ കൊടുക്കാനുള്ള വേതനത്തിനോ/നഷ്ടപരിഹാരത്തിനോ കോർപ്പറേഷൻ ഒരു കാരണവശാലും ഉത്തരവാദിയായിരിക്കുന്നതല്ല. മരം മുറിച്ചുമാറ്റുന്നതിനും, അതോടനുബന്ധിച്ചുള്ള എല്ലാ കാര്യങ്ങൾക്കും കരാറുകാരൻ തന്നെ ഉത്തരവാദിയായിരിക്കുന്നതാണ് . സർക്കാർ വകുപ്പുകൾ ,തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിങ്ങനെയുള്ള ഏതെങ്കിലും അധികാരസ്ഥാനങ്ങളിൽ നിന്നുള്ള ഇടപെടൽ മൂലം മരങ്ങൾ മുറിച്ചു കൊണ്ടുപോകുന്നതിന് എന്തെങ്കിലും തരത്തിലുള്ള തടസങ്ങൾ നേരിട്ടാൽ ആയതിന് പ്ലന്റഷൻ കോർപറേഷൻ ഉത്തരവാദിയായിരിക്കുന്നതല്ല.

37.കരാറുകാരൻ ഇ-ടെൻഡർ കം ഇ ഓക്ഷൻ വ്യവസ്ഥകളോ, കരാർ വ്യവസ്ഥകളോ പാലിക്കാതെ വന്നാൽ യാതൊരുവിധ മുന്നറിയിപ്പും കൂടാതെ കരാർ റദ്ദുചെയ്യുന്നതിനും, മരങ്ങൾ പുനർ ഇ-ടെൻഡർ കം ഇ ഓക്ഷൻ വഴി വിൽക്കുന്നതിനും കരാറുകാരൻ കോർപ്പറേഷനിലേക്ക് അടച്ചിട്ടുള്ളതായ മുഴുവൻ തുകയും കോർപ്പറേഷനിലേയ്ക്ക് മുതൽ കൂട്ടുന്നതിനും കൂടാതെ

കോർഷറേഷനുണ്ടാകാവുന്ന ചെലവുകളും നഷ്ടവും കരാറുകാരനിൽ നിന്നും ഈടാക്കിയെടുക്കുന്നതിനുമുള്ള പരിപൂർണ്ണ അധികാരം പ്ലാന്റേഷൻ കോർഷറേഷൻ മാനേജിംഗ് ഡയറക്ടർക്ക് ഉണ്ടായിരിക്കുന്നതാണ്.

38. ഈ കരാർ സംബന്ധമായി എന്തെങ്കിലും തർക്കങ്ങളുണ്ടായൽ ആയതിന്റെ വ്യവഹാര പരിധി കോട്ടയം കോടതികളിൽ മാത്രമായിരിക്കും.

39. കരാർ ഏറ്റുടുക്കുന്ന ആൾ കരാർ പൂർത്തിയാക്കിയതിനുശേഷം 2 മാസത്തിനകം തോട്ടം മാനേജരിൽ നിന്നും ബാദ്ധ്യതാ രഹിത സർട്ടിഫിക്കറ്റ് വാങ്ങി ഹാജരാക്കി അടച്ച **സെക്യൂരിറ്റി** തുക തിരികെ വാങ്ങേണ്ടതാണ്.

40. **ഈ വ്യവസ്ഥകളും വിൽപ്പന സംബന്ധിച്ച് ബന്ധപ്പെട്ട പത്രപരസ്യവും മറ്റും കരാറിന്റെ ഭാഗമായിരിക്കുന്നതാണ്.**

മരങ്ങളുടെ എണ്ണം, ക്രമീകരണം, ഇ.എം.ഡി എന്നിവയിൽ പരസ്യപ്പെടുത്തിയതിൽ നിന്നും വ്യത്യസ്തമായി ഭേദഗതികൾ വരുത്തുന്നതിനുള്ള അധികാരം പ്ലാന്റേഷൻ കോർഷറേഷന് ഉണ്ടായിരിക്കുന്നതാണ്.

41 യാതൊരു കാരണവും കാണിക്കാതെ **എപ്പോൾ വേണമെങ്കിലും** ഏതൊരു ടെണ്ടറും റദ്ദ് ചെയ്യുന്നതിനോ, മാറ്റി വെയക്കുന്നതിനോ, നിർത്തി വയ്ക്കുന്നതിനോ ഉള്ള പൂർണ്ണ അധികാരവും അവകാശവും കോർഷറേഷന് ഉണ്ടായിരിക്കുന്നതും ആയത് ചോദ്യം ചെയ്യാൻ പാടില്ലാത്തതുമാണ്.

42. ഏതെങ്കിലും **മേൽപ്പറഞ്ഞ** സാഹചര്യത്തിൽ **നിശ്ചിത ടെൻഡർ** കോർഷറേഷൻ റദ്ദ് ചെയ്യുകയാണെങ്കിൽ അതുമൂലം യാതൊരു നഷ്ടപരിഹാരവും കോർഷറേഷൻ നൽകുന്നതല്ലാത്തതും നഷ്ടപരിഹാരത്തിന് അവകാശമുന്നയിക്കുവാൻ കരാറുകരാന് അർഹതയോ, അവകാശമോ ഇല്ലാത്തതുമാണ്.

43 കരാർ കലായളവിൽ കരാറുകാരനോ, ടിയാന്റെ ഏജന്റോ, തൊഴിലാളികളോ, എസ്റ്റേറ്റിനുള്ളിൽ കാട്ടുമൃഗങ്ങളെ വേട്ടയാടുകയോ, നിയമം മൂലം നിരോധിക്കപ്പെട്ട ഏതെങ്കിലും പ്രവർത്തനങ്ങളിൽ ഏർപ്പെടുകയോ സഹായിക്കുകയോ ചെയ്യാൻ പാടില്ല. ഇതിനു വിപരീതമായി പ്രവർത്തിക്കുന്ന പക്ഷം, തന്മൂലം ഉണ്ടാകാവുന്നതായ സകലവിധ കഷ്ട നഷ്ടങ്ങൾക്കും കരാറുകാരൻ മാത്രം ഉത്തരവാദിയായിരിക്കുന്നതും കരാറുകാരൻ കോർഷറേഷനിൽ നിന്നും ഏറ്റെടുത്തിട്ടുള്ളുതുമായ എല്ലാ വിധ കാരാർ ഇടപാടുകളും റദ്ദുചെയ്യുന്നതും, കോർഷറേഷനിലേക്ക് അടച്ചിട്ടുള്ള എല്ലാ തുകയും കോർഷറേഷൻ മുതലിലേക്ക് കണ്ടുകെട്ടി മുതൽ കുട്ടുന്നതിനും, കൂടാതെ ആവിശ്യമെന്നു കണ്ടാൽ, കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ ടി ബ്ലോക്കുകളിൽ പൂനർ **ഇ-ടെൻഡർ കം ഇ ഓക്ഷൻ** നടത്തി **റബ്ബർ** മരങ്ങളുടെ വില്പന പൂർത്തിയാക്കുന്നതിനു കോർഷറേഷനു തീരുമാനമെടുക്കാവുന്നതും, തന്മുലം ഉണ്ടാകാവുന്ന സകലവിധ ചെലവുകളും, നഷ്ടവും കരാറുകാരനിൽ നിന്നോ ടിയാന്റെ മുതലുകളിൽനിന്നോ ഈടാക്കിയെടുക്കുന്നതിന് കോർഷറേഷന് അധികാരവും അവകാശവും ഉണ്ടായിരിക്കുന്നതുമാണ്.

44. ഇ-പോർട്ടൽ മുഖേന ഇ-ദർഘാസുകൾ സമർപ്പിക്കുന്നതിനുള്ള അവസാന ദിവസം 21/03/2020, 5 P.M ആണ്. 23/03/2020-ന് 3.00 P M ന് ഇ-ദർഘാസുകൾ തുറക്കുന്നതുമാണ്.

ടി വ്യവസ്ഥകൾ അംഗീകരിച്ചിരിക്കുന്നു.

(ഇ-ടെൻഡർ സമർപ്പിക്കുന്ന ആളിന്റെ പേരും ഒപ്പും)

(വീട്ടുപേര്, വില്ലജ്, താലൂക്ക്, ജില്ലാ സഹിതം)

കോട്ടയം

10/03/2020

Sd/-

**ജനറൽ മാനേജർ** (സി)

വിൽക്കുവാനുള്ള റബ്ബർ മരങ്ങളുടെ പട്ടിക

ബ്ലോക്കുകൾ, മരങ്ങളുടെ ഉദ്ദേശ എണ്ണം മുതലായവ

**ഇ ടെൻഡർ / ഇ ഓക്ഷൻ**

തണ്ണിത്തോട് എസ്റ്റേറ്റ് 12398 റബ്ബർ മരങ്ങൾ

| BLOCK | TREES | RUNS | STUMPS | DRIED | TOTAL | D.D No | D.D Date | D.D Amount |
|---|---|---|---|---|---|---|---|---|
| 2 | 3349 | 150 | 460 | 56 | 4015 | | | |
| 3 | 3305 | 92 | 523 | 80 | 4000 | | | |
| 4 | 3813 | 97 | 401 | 72 | 4383 | | | |
| **Total** | **10467** | **339** | **1384** | **208** | **12398** | | | |

# സമ്മതപത്രം

**പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്**

**CIN No: UO1119KL1962SGC001997**

**കോട്ടയം - 686004**

സ്ഥലം:

തീയതി :

സമ്മതപത്രം

പ്ലാന്റേഷൻ കോർപ്പറേഷന്റെ തണ്ണിത്തോട് എസ്റ്റേറ്റ്, ഡിവിഷൻ സി യിലെ റബ്ബർ മരങ്ങളുടെ(16,398 എണ്ണം) കരാറിന്റെ ഇ-ദർഘാസ്- ഇ-ലേല വ്യവസ്ഥകൾ ഇന്നേദിവസം കൈപ്പറ്റിയിരിക്കുന്നു. ടി വ്യവസ്ഥകൾ ഞാൻ വായിച്ചു മനസ്സിലാക്കുകയും, ആയത് ഞാൻ അനുസരിക്കുന്നതുമായിരിക്കുമെന്നും ഇതിനാൽ സമ്മതിച്ചുകൊള്ളുന്നു.

**പേര്**
**തപാൽ മേൽവിലാസം**
**കര**
**വില്ലേജ്**
**താലൂക്ക്**
**ജില്ല**
**പിൻകോഡ്**

**ഫോൺ നമ്പർ (കോഡ് ഉൾപ്പെടെ)**

**ലാന്റ് നമ്പർ :**
**മൊബൈൽ നമ്പർ :**

**ഒപ്പ്**